MANGALAM

25 NOVEMBER 2015

■ മലബാർ സിമെന്റ്സ്

# വിജിലൻസ് സസ്പെൻഷനു നിർദേശിച്ച പ്രതി വ്യവസായ വകുപ്പിന്റെ ഒത്താശയിൽ നാടുവിട്ടു

■ എൻ. രമേഷ്

പാലക്കാട്

മലബാർ സിമെന്റ്സ് അഴിമതിക്കേസിൽ ഉൾപ്പെട്ടതിനെത്തുടർന്നു വിജിലൻസ് സസ്പെൻഷനു നിർദേശിച്ച പ്രതി വ്യവസായ വകുപ്പിന്റെ ഒത്താശയോടെ നാടുവിട്ടു. മലബാർ സിമെന്റ്സ് മുൻ എം.ഡിയും നിലവിൽ ട്രാവൻകൂർ കൊച്ചിൻ കെമിക്കൽ ലിമിറ്റഡ് ചെയർമാനും മാനേജിങ് ഡയറക്ടറുമായ എൻ.ആർ. സുബ്രഹ്മണ്യമാണു ദീർഘകാല അവധിയിൽ അമേരിക്കയ്ക്കു പറന്നത്. ഇയാൾ പ്രതിയായ മറ്റൊരു കേസിൽ ഹൈക്കോടതി തുടരന്വേഷണത്തിന് ഉത്തരവിട്ടിരുന്നു.

വി.സി - 07/2015/പി.ആർ.ഡി. കേസിൽ പ്രതിചേർക്കപ്പെട്ട എൻ.ആർ. സുബ്രഹ്മണ്യനെ തുടരന്വേഷണത്തിന്റെ ഭാഗമായി സസ്പെൻഡ് ചെയ്യണമെന്ന നിർദേശത്തോടെ വിജിലൻസ് ഡയറക്ടർ ഏപ്രിൽ നാലിനാണു കത്തയച്ചത്. നടപടിയുണ്ടാകാത്തതിനെത്തുടർന്നു ജൂണിൽ വീണ്ടും കത്തയച്ചു. സുബ്രഹ്മണ്യത്തെ സസ്പെൻഡ് ചെയ്യേണ്ട സാഹചര്യമെന്തെന്നായിരുന്നു സർക്കാരിന്റെ മറുചോദ്യം.

വ്യവസായ വകുപ്പിൽ ഉന്നത സ്ഥാനം വഹിച്ചിരുന്നതിനാൽ പലകേസുകളിലും തെളിവുകളുടെ അഭാവത്തിൽ കേസിൽനിന്ന് ഒഴിവാക്കിയിരുന്നു. ഇതു പരിഗണിച്ചാണു സർവീസിൽനിന്നു മാറ്റി നിർത്താൻ നിർദേശിച്ചത്. ആഭ്യന്തര സെക്രട്ടറി ഇതിനു പച്ചക്കൊടി കാട്ടിയെങ്കിലും വ്യവസായ വകുപ്പ് പ്രതിക്കു നാടുവിടാനുള്ള അവസരമൊരുക്കുകയായിരുന്നു. ഇതു ഗുരുതര വീഴ്ചയാണ്.

എൻ.ആർ. സുബ്രഹ്മണ്യനു വിദേശത്തു പോകാൻ അനുമതി നൽകി ദീർഘകാല അവധി അനുവദിച്ച് ജി.ഒ ആർ.ടി: 806/15/ഐ.ഡി. ഉത്തരവിറക്കുകയാണു വ്യവസായ വകുപ്പ് ചെയ്തത്. കഴിഞ്ഞ ഓഗസ്റ്റ് 11നു മൂന്നുമാസത്തെ അവധി അനുവദിച്ചു.

ഈ മാസം 11നു വീണ്ടും രണ്ടുമാസം കൂടി അവധി നീട്ടി നൽകി. പൊതുമേഖലാ സ്ഥാപനത്തിനു കോടികൾ നഷ്ടം വരുത്തിയ പ്രതി നാടുവിട്ടതോടെ വിജിലൻസിനു ചോദ്യംചെയ്യാനുമാകില്ല.

മലബാർ സിമെന്റ്സ് കൽക്കരി ഇറക്കുമതി ചെയ്തതിലെ സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട കേസിൽ പ്രതിയായ എൻ.ആർ. സുബ്രഹ്മണ്യൻ വിജിലൻസിനെതിരെ ഹൈക്കോടതിയെ സമീപിച്ചിരുന്നു. വിജിലൻസ് എഫ്.ഐ.ആർ. ഹൈക്കോടതി സിംഗിൾ ബെഞ്ച് റദ്ദാക്കുകയും ചെയ്തു. ഇതിനെതിരേ വിജിലൻസ് നൽകിയ അപ്പീലിൽ ഒമ്പതു വർഷത്തിനുശേഷം ഹൈക്കോടതി ഡിവിഷൻ ബെഞ്ച് തുടരന്വേഷണത്തിന് ഉത്തരവിട്ടു. ചീഫ് ജസ്റ്റിസ് അശോക്ഭൂഷൺ ഉൾപ്പെട്ട ഡിവിഷൻ ബെഞ്ച് വിജിലൻസ് എഫ്.ഐ.ആർ. റദ്ദാക്കിയ സിംഗിൾ ബെഞ്ച് ഉത്തരവും റദ്ദാക്കി. കേസ് കെട്ടിച്ചമച്ചതാണെന്നും എഫ്.ഐ.ആർ. റദ്ദാക്കണമെന്നും ആവശ്യപ്പെട്ടുള്ള എൻ.ആർ. സുബ്രഹ്മണ്യന്റെ ഹർജിയിൽ 2006 ലാണ് സിംഗിൾ ബെഞ്ച് അനുകൂല ഉത്തരവിട്ടിരുന്നത്.